കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വേങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1514/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ്കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497-2707698

തീയ്യതി: 04.10.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),

വേങ്ങാട് ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | വേങ്ങാട് ഗ്രാമപഞ്ചായത്ത്-2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്. |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത്രാജ് നിയമം 215(4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-6, 2-7, 2-8 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് –പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത്‌രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഉപരിപത്രം സഹിതം).

3) കാര്യാലയ പ്രതി.

PVP

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1514/2017.

തീയതി:04.10.2017.

# കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

## ആമുഖം

(*1994*-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് *215(4), 1994*-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്*).*

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 30.11.2016 മുതൽ 19.07.2017 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 18 എണ്ണം നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.07.2017 മുതൽ 28.07.2017 വരെ |

ബി) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിജോഷ്.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ശ്രീജ.കെ. | ഓഡിറ്റർ |

സി) നിർവ്വഹണാധികാരികൾ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.സി.പി.അനിത | 01.04.2016 മുതൽ 06.03.2017 വരെ |
| | ശ്രീ.കെ.മധുസൂദനൻ | 07.03.2017 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ധനീഷ്.പി.എം. | 01.04.2016 മുതൽ 22.12.2016 വരെ |
| | ശ്രീ.കെ.രാമകൃഷ്ണൻ,<br>അസി.സെക്രട്ടറി (ചാർജ്ജ്) | 23.12.2016 മുതൽ 27.12.2016 വരെ |
| | ശ്രീ.ബാബുരാജൻ വലിയപുരയിൽ | 28.12.2016 മുതൽ 29.12.2016 വരെ |
| | ശ്രീ.കെ.രാമകൃഷ്ണൻ,<br>അസി.സെക്രട്ടറി (ചാർജ്ജ്) | 30.12.2016 മുതൽ 31.01.2017 വരെ |
| | ശ്രീ.ബാബുരാജൻ വലിയപുരയിൽ | 01.02.2017 മുതൽ 02.02.2017 വരെ |
| | ശ്രീ.കെ.രാമകൃഷ്ണൻ,<br>അസി.സെക്രട്ടറി (ചാർജ്ജ്) | 03.02.2017 മുതൽ 07.02.2017 വരെ |
| | ശ്രീ.നാരായണൻ കെ. | 08.02.2017 മുതൽ 31.03.2017 വരെ |

ഡി) നിർവ്വഹണ ഉദ്യോഗസ്ഥർ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി.ലജിത.വി.എ. | 01.04.2016 മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| | | |
| കൃഷി ഓഫീസർ | ശ്രീ.വിഷ്ണു.എസ്.നായർ | 01.04.2016 മുതൽ 03.08.2016 വരെ |
| | ശ്രീ.അശോകൻ കല്ലിയാടൻ | 04.08.2016 മുതൽ 28.02.2017 വരെ |
| | ശ്രീമതി.സെലസ്.കെ. ജോസഫ് | 01.03.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രീതം ലാൽ എൻ.ടി. | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീമതി.പ്രീജയ.സി.കെ. (പാതിരിയാട്) | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീ.ധനേഷ് (പടുവിലായി) | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ആനന്ദവല്ലി | 01.04.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.കെ.ഹരീന്ദ്രൻ | 01.04.2016 മുതൽ 27.09.2016 വരെ |
| | ശ്രീ.വിനോദൻ. എം. (അക്കൌണ്ടന്റ്-ചാർജ്) | 28.09.2016 മുതൽ 05.10.2016 വരെ |
| | ശ്രീ.കെ.രാമകൃഷ്ണൻ | 06.10.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.ലീന.കെ.ജി. | 01.04.2016 മുതൽ |

| | | |
|---|---|---|
| സൂപ്പർവൈസർ | | 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.സുജാത.എ. | 01.04.2016 മുതൽ 01.06.2016 വരെ |
| | ശ്രീ.നാരായണൻ പി ടി | 02.06.2016 മുതൽ 31.07.2016 വരെ |
| | ശ്രീമതി.ഹേമലത കെ | 01.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | ഡോ.മംഗള ലക്ഷ്മൺ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 –പൊതു അവലോകനം | | |
| 1 | ബജറ്റ് | 1–1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1–2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1–3 | |
| 4 | സാമ്പത്തിക വിശകലനം | 1–4 | |
| 5 | ഫണ്ട് വിനിയോഗം | 1–5 | |
| 6 | പദ്ധതി അവലോകനം | 1–6 | |
| 7 | ഗ്രാമസഭ | 1–7 | |

| | | | |
|---|---|---|---|
| 8 | ദുരിതാശ്വാസ നിധി | 1-8 | |
| 9 | മോണിറ്ററിംഗ് | 1-9 | |
| 10 | തനത് വരുമാനം | 1-10 | |
| 11 | ക്ഷേമപദ്ധതികൾ | 1-11 | |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 | |
| 13 | ആഭ്യന്തര നിയന്ത്രണം | 1-13 | |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 | |
| | ഭാഗം 2 –വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം | | |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 | |
| 16 | മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നില്ല | 2-2 | |
| 17 | ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 | |
| 18 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു | 2-4 | |
| 19 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചില്ല | 2-5 | |
| 20 | ഡി & ഒ ലൈസൻസ് ഫീസ് കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല | 2-6 | |
| 21 | വസ്തു നികുതി ഇനത്തിൽ കുടിശ്ശിക അരക്കോടിയോളം - കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി ഊർജ്ജിതപ്പെടുത്തണം | 2-7 | |

| | | | |
|---|---|---|---|
| 22 | വസ്തു നികുതി പരിഷ്കരണത്തിലെ അപാകങ്ങൾ | 2-8 | |
| | ഭാഗം 3-ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം | | |
| 23 | രശീതി നൽകാതെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തു - നിർവ്വഹണത്തിലും വീഴ്ച | 3-1 | |
| 24 | നെൽകൃഷി കൂലിചെലവിന് സബ്സിഡി - നിർവ്വഹണത്തിൽ വീഴ്ച | 3-2 | |
| 25 | സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയില്ല | 3-3 | |
| 26 | ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല | 3-4 | |
| 27 | തെരുവു വിളക്കുകളുടെ എ.എം.സി.ക്ക് തുക അഡ്വാൻസ് നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധം | 3-5 | |
| 28 | ആശ്രയ പദ്ധതി (രണ്ടാം ഘട്ടം) ലക്ഷ്യം കൈവരിച്ചില്ല | 3-6 | |
| 29 | കുന്നിരിക്ക കുളം ജലസേചനം – തുടർ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ് | 3-7 | |
| 30 | ഇ ടെണ്ടർ- ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല | 3-8 | |
| 31 | സ്നേഹ സാന്ത്വനം - പെയിൻ & പാലിയേറ്റീവ് പരിചരണം പദ്ധതി - അപാകങ്ങൾ | 3-9 | |
| 32 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 3-10 | |
| 33 | തെരുവു വിളക്ക് വൈദ്യുതി ചാർജ്ജ് സംബന്ധിച്ച് | 3-11 | |
| 34 | ജീവനക്കാർ എസ്.എൽ.ഐ. പോളിസി എടുക്കാത്തതും പുതുക്കാത്തതും സംബന്ധിച്ച് | 3-12 | |

| | | | |
|---|---|---|---|
| | | | |
| 35 | മുൻകൂർ നൽകി - മരുന്ന് ലഭ്യമായിട്ടില്ല | 3-13 | |
| | ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 45 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - | |
| 46 | അനുബന്ധം-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | - | |
| 47 | അനുബന്ധം-3 റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | - | |
| 48 | അനുബന്ധം-4 ബാലൻസ് ഷീറ്റ് | - | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25.02.2016 തീയ്യതിയിലെ 18/16 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു.

| | ഒറിജിനൽ | റിവൈസ്ഡ് | യഥാർത്ഥ വരവ് |
|---|---|---|---|

| | | | |
|---|---|---|---|
| മുന്നിരിപ്പ് | 31,16,401 | 68,90,691 | 2,29,23,786.48 |
| വരവ് | 10,09,12,400 | 7,24,90,396 | 5,38,20,866.00 |
| ആകെ | 10,40,28,801 | 7,93,81,087 | 7,67,44,652.48 |
| ചെലവ് | 96116250 | 76264686 | 49089822.00 |
| നീക്കിയിരിപ്പ് | 79,12,551 | 31,16,401 | 2,76,54,830.48 |

ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും റിവൈസ്ഡ് ബജറ്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. യഥാർത്ഥ വരവുമായി ഒട്ടും സാമ്യമില്ലാത്ത രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. റിവൈസ്ഡ് ബജറ്റാവട്ടെ യഥാർത്ഥ വരവിൽ നിന്നും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയതല്ലാതെ ഭരണസമിതി അംഗീകരിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ കുറേക്കൂടി സൂക്ഷ്മതയും ജാഗ്രതയും ഉണ്ടാവേണ്ടതും അവ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.07.2017 | 03.07.2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2016-17 | 13.07.2017 മുതൽ 14.07.2017 വരെ | വിശേഷണങ്ങളോടു കൂടിയത് | |

വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1. സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ നടപ്പാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ പ്രകാരമുള്ള രജിസ്റ്ററിലെയും ധനകാര്യ പത്രികകളിലെയും വസ്തുനികുതിയുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. തുകകളിലുള്ള വ്യത്യാസത്തിന് 'അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ' രേഖപ്പെടുത്തിയിട്ടില്ല.

3. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. ധനകാര്യപത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

5. താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് കണക്കാക്കിയിട്ടുള്ളത് സാമ്പത്തിക വർഷാവസാനത്തെ തീയ്യതി (31.03.2017) അടിസ്ഥാനമാക്കിയല്ല.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് വിവരങ്ങൾ | ബാലൻസ് കണക്കാക്കിയ തീയ്യതി | ബാലൻസ് തുക |
|---|---|---|---|
| 1 | സിന്റിക്കേറ്റ് ബാങ്ക് A/c 92579 (E-Sand) | 10.11.2016 | 2,47,440.76 |
| 2 | SBT A/c.7580 (PAIKKA) | 30.11.2015 | 10,781 |
| 3 | കുന്നിരിക്ക സർവീസ് സഹ.ബാങ്ക് A/c 2468 (ദുരിതാശ്വാസ നിധി) | 30.09.2016 | 38,661 |

6. ബി-4 ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് സി.എഫ്.സി. ഗ്രാന്റിനത്തിൽ 4,00,000/- രൂപ ബാലൻസ് ആയി കാണുന്നു.

ACR പ്രകാരം 21,77,879/- രൂപയാണ് കേന്ദ്ര ധനക്കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവ്. എന്നാൽ RP-31 പട്ടിക പ്രകാരം ഇത് 17,77,879/- രൂപ മാത്രമാണ്. വ്യത്യാസമുള്ള 4,00,000/- രൂപ B-4 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 2,29,23,786.48 |
| വരവ് * | 5,38,20,866.00 |
| ആകെ | 7,67,44,652.48 |
| ചെലവ് * | 4,90,89,822.00 |
| നീക്കിയിരിപ്പ് | 2,76,54,830.48 |

*റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | മുൻബാക്കി | തൻവർഷ വർഷത്തെ | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | അലോട്ട്മെന്റ്* | | | | |
| വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 1,37,53,704 | 1,37,53,704 | 1,24,43,503 | 13,10,201 | 90.47% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10,97,607 | 10,97,607 | 9,35,751 | 1,61,856 | 85.25% |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 10,086 | 10,086 | 10,086 | Nil | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 66,94,116 | 66,94,116 | 54,69,663 | 12,24,453 | 81.70% |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 0 | 42,17,547 | 42,17,547 | 2680517 | 1537030 | 63.55% |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 77,13,601 | 77,13,601 | 21,77,879 | 55,35,722 | 28.23% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 40,42,547 | 40,42,547 | 18,17,034 | 22,25,513 | 44.94% |
| എൻ.ആർ.ഇ.ജി.എസ്. (-) | 510.48 | 5,37,063 | 5,37,573.48 | 5,36,443.08 | 1,130.40 | 99.79 |
| ബി ഫണ്ട് ** | 0 | 5,84,00,460 | 5,84,00,460 | 5,84,00,460 | 0 | 100 |

***എ.സി.ആർ. പ്രകാരം.**

****ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം.**

**(-) ചെക്ക് ഇഷ്യൂ റജിസ്റ്റർ പ്രകാരം.**

## 1-6 പദ്ധതി അലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 153 | 5,99,32,469 | 101 | 3,48,68,879 | 45 | 25 | 55.44% |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 39 | 46,00,003 | 35,89,963 | 78.04 |
| കൃഷി ഓഫീസർ | 5 | 5 | 27,98,932 | 17,10,513 | 61.11 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 23,91,816 | 17,08,650 | 71.44 |
| വി.ഇ.ഒ. | 21 | 14 | 86,78,934 | 48,64,669 | 56.05 |
| അസി.എഞ്ചിനീയർ | 74 | 39 | 2,86,46,393 | 1,29,12,284 | 45.07 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 68,63,305 | 61,46,194 | 89.55 |
| മെഡിക്കൽഓഫീസർ (ജി.എ.ഡി) | 1 | 1 | 7,00,000 | 7,00,000 | 100 |
| മെഡിക്കൽഓഫീസർ (അലോപ്പതി) | 6 | 4 | 18,10,000 | 13,72,408 | 75.82 |
| ഹെഡ് മാസ്റ്റർ | 2 | 2 | 1,03,000 | 78,138 | 75.86 |
| അസി.സെക്രട്ടറി | 15 | 11 | 33,40,086 | 17,86,060 | 53.47 |
| ആകെ | 153 | 101 | 5,99,32,469 | 3,48,68,879 | 58.18 |

ബി) ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 1,38,53,704 | 1,24,43,503 | 89.82 |
| എസ്.സി.പി. | 11,27,607 | 9,35,751 | 82.99 |
| ടി.എസ്.പി. | 10,086 | 10,086 | 100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 77,13,601 | 21,77,879 | 28.33 |
| ലോകബാങ്ക് ധനസഹായം | 40,42,547 | 18,17,034 | 44.95 |

| | | | |
|---|---|---|---|
| കേന്ദ്രാവിഷ്കൃതം | 8,22,000 | 8,21,420 | 99.93 |
| സംസ്ഥാനാവിഷ്കൃതം | 7,23,500 | - | - |
| തനത് ഫണ്ട് | 1,47,86,444 | 77,97,316 | 52.73 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 7,40,588 | - | - |
| ജില്ലാ പഞ്ചായത്ത് വിഹിതം | 18,24,900 | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 66,94,116 | 54,69,663 | 81.71 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 43,47,547 | 26,80,517 | 61.66 |
| മറ്റുള്ളവ | 32,45,829 | 7,15,710 | 22.05 |
| ആകെ | 5,99,32,469 | 3,48,68,879 | 58.18 |

അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിൽ 2016-17 വർഷം ഗ്രാമപഞ്ചായത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. ലോകബാങ്ക് ധനസഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) എന്നിവയുടെ വിനിയോഗം തൃപ്തികരമല്ല. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളും വി.ഇ.ഒ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ മറ്റ് പ്രൊജക്റ്റുകളും ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ലയെന്നത് പോരായ്മയാണ്. സർക്കാർ അനുവദിക്കുന്ന വിവിധ ഫണ്ടുകളും ധനസഹായവും പൂർണ്ണമായും വിനിയോഗിക്കുന്നതിന് കാലേക്കൂട്ടിയുള്ള ആസൂത്രണം അത്യാവശ്യമാണ്. ഇക്കാര്യം വളരെ ഗൌരവപൂർവ്വം പരിശോധനാ വിധേയമാക്കേണ്ടതാണ്.

## 1-7 <u>ഗ്രാമസഭ</u>

പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ മൂന്ന് തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഓഗസ്റ്റ് മാസം ചേർന്ന ഒന്നാമത്തെ ഗ്രാമസഭയിൽ മുൻവർഷത്തെ വാർഷിക പദ്ധതി ചെലവ് അംഗീകരിക്കൽ, തൊഴിലുറപ്പ് പദ്ധതി, സോഷ്യൽ ഓഡിറ്റ്, പി.എം.എ.വൈ. ലിസ്റ്റ് അംഗീകരിക്കൽ, സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അംഗീകരിക്കൽ എന്നിവയും ഒക്ടോബർ മാസം ചേർന്ന രണ്ടാമത്തെ ഗ്രാമസഭയിൽ 2016-17 വർഷത്തെ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, തൊഴിലുറപ്പ് പദ്ധതി, ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ

തയ്യാറാക്കൽ, ശുചിത്വ കമ്മിറ്റി രൂപീകരിക്കൽ എന്നിവയും നവംബർ മാസം കൂടിയ മൂന്നാമത്തെ ഗ്രാമസഭയിൽ നിയമസഭ തെരഞ്ഞെടുപ്പ് വോട്ടർ പട്ടിക പുതുക്കൽ, ലഹരി മദ്യം മയക്കുമരുന്ന് എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം എന്നിവയും അജണ്ടയായി ഉൾപ്പെടുത്തി. 1997-ലെ കേരള പഞ്ചായത്ത്‌രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല. പൊതുവെ വലിയ തോതിലുള്ള ജനപങ്കാളിത്തം ഗ്രാമസഭകളിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്.

## 1-8 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതി ക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടത അനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപീകരിക്കണമെന്ന് 2003-ലെ കേരളാ പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ നേരത്തെ തന്നെ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി അക്കൌണ്ട് (നം.2468) നിഷ്ക്രിയാവസ്ഥയിലാണ്. 2016-17 വർഷം അക്കൌണ്ടിലെ പലിശയിനത്തിലുള്ള വരവല്ലാതെ മറ്റ് ധനസമാഹരണങ്ങളൊന്നും ഉണ്ടായിട്ടില്ല. ആർക്കും തന്നെ ധനസഹായം അനുവദിച്ചിട്ടുമില്ല. 30.09.2016-ന് ആകെ 38,661/- രൂപ അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. അവസാനമായി പണം നിക്ഷേപിക്കപ്പെട്ടത് 16.05.2013 തീയ്യതിയിലാണ്. വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതി ക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപ്രദേശത്ത് താമസിക്കുന്നവരും നിർധനരായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തര സഹായം നൽകാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-9 മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണ സമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ് .എന്നാൽ 2016-17 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. ഒരു പ്രൊജക്ടിന്റെ നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009-ലെ ജി.ഒ.(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തന പരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്.

## 1-10 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | വർഷം 2015-16 | വർഷം 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 57,85,881 | 66,59,553 | 8,73,672 | 15.10 (+) |
| നികുതിയേതര വരവുകൾ | 31,98,602 | 23,95,004 | 8,03,598 | 25.12 (-) |
| മറ്റു വരവുകൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | 89,84,483 | 90,54,557 | 70,074 | 0.78 (+) |

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,10,160 | 70 |
| കർഷകതൊഴിലാളി വേതനം | 79,80,600 | 804 |
| വിധവാപെൻഷൻ | 1,64,76,700 | 1358 |
| വാർദ്ധക്യ കാലപെൻഷൻ | 2,50,72,700 | 2464 |
| വികലാംഗ പെൻഷൻ | 43,72,900 | 475 |
| 50 വയസ് തികഞ്ഞ അവിവാഹിത പെൻഷൻ | 30,97,400 | 294 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 20.07.2017-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 11,861/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ യോഗം വിളിച്ച് പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതി സമഗ്രമായി അവലോകനം ചെയ്യുന്നില്ല. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന വിലയിരുത്തലുകൾ നടത്തേണ്ടതായുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.08.2016 മുതൽ 30.09.2016 വരെ | 01.07.2016 മുതൽ 30.09.2016 വരെ | 16.12.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടന്നിട്ടില്ല | നടന്നിട്ടില്ല | നടന്നിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന വ്യാപാരികളിൽ നിന്നും 2016-17 വർഷത്തിൽ ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് | വാർഡ്/ കെട്ടിട നം. | സംരംഭം |
|---|---|---|---|
| 1 | താജുദ്ദീൻ കൊവ്വൽ ദാരോത്ത് | 1/87 | ഡി ടി എച്ച് സെയിൽ & സർവ്വീസ് |
| 2 | അനന്തോത്ത് സത്യൻ | 13/210 | വെൽഡിംഗ് |

| | | | |
|---|---|---|---|
| 3 | മനോജ് എൻ. | 20/214 | കൈത്തറി തുണി, പവർ ലൂം |
| 4 | സത്യൻ | 13/490 | തുണികച്ചവടം |
| 5 | വെളുമ്പൻ ശശിധരൻ | ലഭ്യമല്ല | ആയുർവേദ മരുന്ന് വില്പന |
| 6 | പി.കെ.പ്രദീപൻ | 1/467 | ഇലക്ട്രോണിക്സ് ഷോപ്പ് |
| 7 | ശ്രീജ പ്രേമൻ | 6/479B | മധുരപലഹാരങ്ങൾ നിർമാണം, വില്പന |
| 8 | എം.വിലാസിനി | 18/385 | വെളിച്ചെണ്ണ സ്റ്റോക്ക് ചെയ്ത് വില്പന |
| 9 | കെ.കെ.സുധീർ | 21/809 | തയ്യൽ കട |
| 10 | ലിജീഷ് കെ.കെ. | 21/519 | അനാദി |
| 11 | എം.സി.ഹരീന്ദ്രൻ | 1/326 | അനാദി |
| 12 | എം.മുഹമ്മദ് | 1/539 | അനാദി |
| 13 | കെ.കെ.രാജേഷ് | 21/806 | ബീഡി,സിഗരറ്റ്, സോപ്പ് വില്പന |
| 14 | കുറ്റിപ്രത്ത് നല്ലക്കണ്ടി അബ്ദുൾ അസീസ് | 18/497 | അനാദി |
| 15 | ചെറിയാൻ പറമ്പത്ത് അബൂട്ടി | 17/472 | സ്പെയർ പാർട്സ് വില്പന |
| 16 | നാരങ്ങാളി ഭാസ്കരൻ | 3/755 | ചായക്കച്ചവടം |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നില്ല

1994-ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളും, കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ ഗാർഹികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പഞ്ചായത്തിൽ ലഭിക്കാതെ പോവുകയും തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട വരുമാനം ലഭ്യമാകാതെ പോവുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. മാത്രവുമല്ല പ്രസ്തുത കെട്ടിടങ്ങളിൽ ഡി & ഒ ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തുന്ന സ്ഥിതിയുണ്ടാവുകയും ചെയ്യും. ആയതിനാൽ സെക്ഷൻ 205 (ബി) പ്രകാരം നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ആവശ്യപ്പെടേണ്ടതും മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടെന്ന് ഭാവിയിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

## 2-3 ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, സെക്ഷൻ 204(ii) എ(i) പ്രകാരം ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തി തൊഴിൽ നികുതിക്ക് വിധേയനാകും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്ന ആധാരമെഴുത്തുകാരുണ്ടായിട്ടും അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള യാതൊരു വിധ നടപടിയും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നാളിതു വരെ ഉണ്ടായിട്ടില്ല. ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു

1997-ലെ കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല എന്നും ചട്ടം 5(1) പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിനു മുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2016-17 കാലയളവിൽ 3 സ്ഥാപനങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ 2016-17 കാലയളവിലെ ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം രജിസ്റ്റർ ചെയ്ത 3 സ്ഥാപനങ്ങൾ കൂടാതെ മറ്റ് സ്വകാര്യ ആശുപത്രികളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. അൽഖസ്സ മെഡിക്കൽ സെന്റർ, മമ്പറം

2. മോഡേൺ ക്ലിനിക്ക്, അഞ്ചരക്കണ്ടി

3. ഫാമിലി ദന്തൽ ക്ലിനിക്ക്, അഞ്ചരക്കണ്ടി

4. പി.കെ.രാജൻ വൈദ്യർ ആയുർവേദ ചികിത്സാലയം, ഓടക്കാട്

ആയതിനാൽ പ്രസ്തുത കാലയളവിൽ പ്രവർത്തിച്ചിരുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസറ്റർ ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. 2016-17 കാലയളവിൽ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കാത്ത സ്ഥിതിയുള്ളതിനാൽ ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടാതിരുന്ന സ്വകാര്യ ആശുപത്രികളും (മെഡിക്കൽ ക്ലിനിക്കുകൾ) പ്രവർത്തിച്ചിരിക്കാൻ ഇടയുണ്ട്. വിശദമായ അന്വേഷണം നടത്തി മേൽ കാലയളവിൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചിരുന്ന മുഴുവൻ സ്ഥാപനങ്ങൾക്കുമെതിരെ 1997-ലെ കേരള പഞ്ചായത്ത്രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പിഴ ശിക്ഷ നടപ്പാക്കാവുന്നതാണ്.

## 2-5 കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചില്ല

2016-17 കാലയളവിലെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ വാണിജ്യാവശ്യങ്ങൾക്കായി ഡി & ഒ ലൈസൻസ് നൽകിയ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന തരത്തിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | വാണിജ്യാവശ്യം |
|---|---|---|---|
| 1 | 21/723 | അബ്ദുൾ ലത്തീഫ്.യു. | തുണി സാധനം വില്പന |
| 2 | 13/575 | ശ്രീഷാദ്.എൻ. | സ്റ്റേഷനറി |
| 3 | 21/243 | ടി.സജിഷ | ബ്യൂട്ടി പാർലർ |
| 4 | 4/213 | എം.കെ.രാജൻ | സ്റ്റേഷനറി |
| 5 | 20/10 | ഹരേഷ്.സി.എം. | പി വി സി പൈപ്പ്, ഫിറ്റിംഗ്സ് സ്റ്റോക്ക് ചെയ്ത് വില്പന |
| 6 | 9/545 | വി.എ . | വെള്ളിച്ചെണ്ണ സ്റ്റോക്ക് ചെയ്ത് വില്പന |

| | | | |
|---|---|---|---|
| 7 | 14/409 | പി.വിമല | റേഷൻ കട |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 2,3,4,7 കെട്ടിടങ്ങൾ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിട നമ്പർ മാറിയതാണെന്നും ക്രമനമ്പർ 1,5,6 കെട്ടിടങ്ങൾ വാണിജ്യാവശത്തിനായി ഉപയോഗിക്കുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ നികുതി പുനർനിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് പുതുക്കിയ നികുതി ഈടാക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് ഫീസ് കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല

2015-16 കാലയളവിൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 607 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ 75 പുതിയ വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെ 582 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയുട്ടുള്ളത്. ബാക്കിയുള്ള 100 സ്ഥാപനങ്ങൾ (607-507 (582-75)) ഡിമാന്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2016-17 കാലയളവിൽ ഭൂരിഭാഗം വ്യാപാരികളും സാമ്പത്തിക വർഷാവസാനമാണ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചതെന്നും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ശുചിത്വ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ ലൈസൻസ് പുതുക്കുന്നതിനുള്ള അവസരം നഷ്ടമായെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതും ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളതുമായ ഒരു സ്ഥാപനത്തെ തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെങ്കിൽ ആയതിനു മുമ്പ് തന്നെ അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇവിടെ ഇത്തരത്തിൽ യാതൊരു പരിശോധനയും നടത്താതെയാണ് സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ആയതിനാൽ ഡി & ഒ ലൈസൻസ് ഡിമാന്റ് കണക്കാക്കിയിട്ടുള്ളത് പരിശോധന റിപ്പോർട്ടിന്റെയോ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെയോ അടിസ്ഥാനത്തിലല്ല എന്നും മറിച്ച് പിരിച്ചെടുത്ത തുക തന്നെ ഡിമാന്റായി കണക്കാക്കുകയാണ് ചെയ്യുന്നതെന്നും ഇതിൽ നിന്ന് വ്യക്തമാണ്.

ആയതിനാൽ കൃത്യമായൊരു അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കേണ്ടതും പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 വസ്തു നികുതി ഇനത്തിൽ കുടിശ്ശിക അരക്കോടിയോളം - കുടിശ്ശിക

## പിരിച്ചെടുക്കാൻ നടപടി ഊർജ്ജിതപ്പെടുത്തണം

2016-17 സാമ്പത്തിക വർഷം തൻവർഷം പിരിച്ചെടുക്കാൻ ബാക്കിയുള്ളതും മുൻവർഷത്തെ കുടിശ്ശികയുമുൾപ്പെടെ വസ്തുനികുതി ഇനത്തിൽ 48,07,513/- രൂപ (ഗ്രന്ഥശാലവരി ഉൾപ്പെടെ) പിരിച്ചെടുക്കാൻ ബാക്കിയുള്ളതായിട്ടുണ്ട്.(ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം) വിശദവിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| വസ്തുനികുതി തൻവർഷം കുടിശ്ശിക (ഗാർഹികം) | 19,45,141 |
| വസ്തുനികുതി മുൻവർഷങ്ങളിലെ കുടിശ്ശിക (ഗാർഹികം) | 28,62,372 |
| ആകെ | 48,07,513 |

പഞ്ചായത്തിന്റെ തനത് ഫണ്ട് സമാഹരണം മെച്ചപ്പെടുത്തുന്നതിനായി വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും 100% വസ്തു നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

# 2-8 വസ്തുനികുതി പരിഷ്കരണത്തിലെ അപാകങ്ങൾ

1) 14-1-2011 മുതൽ 31-3-2013 വരെയുള്ള പുതിയ നികുതിദായകരുടെ വസ്തു നികുതി പരിഷ്കരിച്ചിട്ടില്ല:

04.06.2013-ലെ സ.ഉ.(എംഎസ്) 210/2013/തസ്വഭവ പ്രകാരം വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച 2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ) പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (01.04.2011-ന് മുമ്പ് വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതൽ ബാധകമാവുന്നതാണെന്നും 14.01.2011 മുതൽ 31.03.2013 വരെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിട്ടങ്ങൾക്ക് ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് നികുതി പുനർനിർണയിക്കാവുന്നതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2011-12 കാലയളവിൽ പുതിയതായി വസ്തുനികുതി നിർണയിച്ച മുഴവൻ കെട്ടിടങ്ങൾക്കും വാർഷിക വാടകയുടെ അടിസ്ഥാനത്തിലാണ് നികുതി ചുമത്തിയിട്ടുള്ളത്. തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ല. ഇപ്രകാരം നികുതി നിർണയിച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. 2012-13 കാലയളവിലെ പുതിയ കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണയിച്ചിട്ടുണ്ടെങ്കിലും നിലവിലെ ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് ഇളവുകളും വർദ്ധനവുകളും ബാധകമാക്കിയിട്ടില്ല. ആയതിനാൽ 14.01.2011 മുതൽ 31.03.2013 വരെയുള്ള പുതിയ നികുതിദായകരുടെ വസ്തു നികുതി പരിഷ്കരിച്ച് കുടിശ്ശിക ഈടാക്കേണ്ടതാണ്.

2) 2013-14 വർഷത്തിനു മുമ്പുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കിയോ എന്ന് വ്യക്തമല്ല:

സഞ്ചയയിൽ 2013-14 വർഷം മുതലുള്ള കുടിശ്ശിക മാത്രമാണ് ഡിമാന്റ് ചെയ്യുന്നത് ആയതിനാൽ 2013-14 മുമ്പുള്ള കുടിശ്ശിക (2012-13-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 1,37,640.67/- രൂപ വസ്തു നികുതിയിനത്തിൽ കുടിശ്ശികയുണ്ട്). ഈടാക്കുകയോ തുടർവർഷത്തെ കുശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 രശീതി നൽകാതെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു - നിർവ്വഹണത്തിലും വീഴ്ച

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വേങ്ങാട് ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ നടപ്പിലാക്കിയ പ്രൊജക്ടുകളായ നേന്ത്രവാഴ കന്ന് വിതരണം, ഇടവിള കിറ്റ് വിതരണം, തെങ്ങിൻ തൈ വിതരണം എന്നീ പ്രൊജക്ടുകൾ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് നടപ്പിലാക്കിയ പ്രൊജക്ടുകളാണ്. പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ വന്ന അപാകങ്ങളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിന് വേണ്ടി പണം സ്വീകരിക്കുമ്പോൾ യാതൊരു വീഴ്ചയുമില്ലാതെ പണം ഒടുക്കുന്നവർക്ക് രശീതി നൽകേണ്ടതാണ് എന്ന് 2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് റൂൾസ് – ചട്ടം 20(2)എ യിൽ നിഷ്കർഷിക്കുന്നു. എന്നാൽ ഇതിന് വിരുദ്ധമായി രശീതി നൽകാതെ ഗുണഭോക്താക്കളിൽ നിന്നും പണം പിരിച്ചെടുക്കുകയാണുണ്ടായത്. ഒരോ പ്രൊജക്ടിനു വേണ്ടിയും ഇങ്ങനെ പിരിച്ചെടുത്ത മൊത്തം തുകകൾ പിന്നീട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയും ചെയ്തതായാണ് കാണുന്നത്. പിരിച്ചെടുത്ത തുകകളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക |
|---|---|---|
| 72/17 | നേന്ത്രവാഴ കന്ന് വിതരണം | 29,545 |
| 69/17 | ഇടവിള കിറ്റ് വിതരണം | 94,750 |
| 67/17 | തെങ്ങിൻ തൈ വിതരണം | 19,000 |

ഗുണഭോക്താക്കൾക്ക് രശീതി നൽകാതെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന് വിശദീകരണം നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയ്യതി 25.07.2017) സമർപ്പിച്ച മറുപടിയിൽ നേരത്തെ നേന്ത്രവാഴകന്ന്, ഇടവിള കിറ്റ് വിതരണം, തെങ്ങിൻ തൈ എന്നിവയ്ക്ക് 100% സബ്സിഡി ഉണ്ടായിരുന്നതിനാൽ (22.12.2016-ലെ 3495/17 നമ്പർ ഉത്തരവ്) ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കേണ്ടതില്ലായിരുന്നെന്നും പിന്നീട് ജി.ഒ.(സാധാ) 397/17 തീയതി 13.02.2017 ഉത്തരവ് പ്രകാരം 100% സബ്സിഡി പച്ചക്കറി കൃഷിക്ക് മാത്രമേ ഉള്ളൂവെന്ന് സ്പഷ്ടീകരണം വന്നെന്നും വർഷാവസാനമായതിനാൽ പ്രത്യേക രശീതുകൾ നൽകുന്നതിന് സമയം ലഭിച്ചില്ല എന്നും അറിയിക്കുകയുണ്ടായി.

വ്യക്തിഗത രശീതി ഗുണഭോക്താക്കൾക്ക് നൽകാതിരിക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന തുക എത്രയാണ് എന്നത് സംബന്ധിച്ച സുതാര്യത നഷ്ടമാവുന്നു. മാത്രവുമല്ല ഈ തുകകൾ ഏത് തീയതിയിലാണ് ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തത് എന്ന വിവരവും അവ്യക്തമാവുന്നു. 2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് റൂൾസ്-ചട്ടം 20 (2)എ യിൽ നിഷ്കർഷിച്ചത് പ്രകാരം പണം ഒടുക്കുന്നവർക്ക് രശീതി നിർബന്ധമായും നൽകേണ്ടതാണ്.

അതേസമയം നേന്ത്രവാഴ കന്ന് വിതരണം, ഇടവിള കിറ്റ് വിതരണം എന്നീ പ്രൊജക്ടുകൾ തയ്യാറാക്കിയപ്പോൾ ഗുണഭോക്തൃ വിഹിതം പ്രൊജക്ടുകളിൽ വകയിരുത്തിയിട്ടില്ല. ഗുണഭോക്തൃവിഹിതം വകയിരുത്താതെയാണ് തുക പിരിച്ചെടുത്തിട്ടുള്ളത്. ഇത് നടപടി ക്രമങ്ങളിൽ വന്ന വീഴ്ചയാണ്. പ്രൊജക്ടിൽ തുക വകയിരുത്താത്തതിനാൽ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ഇതുവരെയായി ചെലവഴിച്ചിട്ടുമില്ല. ഓഡിറ്റ് എൻക്വയറിക്ക് ഇത് സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. നേന്ത്രവാഴ കന്ന് വിതരണം എന്ന പ്രൊജക്ടിനു വേണ്ടി പിരിച്ചെടുത്ത 29,545/- രൂപയും ഇടവിള കിറ്റ് വിതരണം എന്ന പ്രൊജക്ടിനു വേണ്ടി പിരിച്ചെടുത്ത 95,750/- രൂപയും പഞ്ചായത്ത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവും അലംഭാവവും മൂലമാണ് പദ്ധതി നിർവ്വഹണത്തിൽ ഇങ്ങനെ സംഭവിച്ചത്. പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതും തുടർനടപടികളുടെ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-2 <u>നെൽകൃഷി കൂലിചെലവിന് സബ്സിഡി-നിർവ്വഹണത്തിൽ വീഴ്ച-പിൻവലിച്ച തുക വിതരണം ചെയ്തില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ബിൽ നം 2/12.03.2017 - വികസന ഫണ്ട്

പ്രൊജക്ട് നമ്പർ - 65/17

ജി.ഒ.(എം.എസ്)4/16/തസ്വഭവ.തീയതി 11.01.2016 പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 15(3.1.5) പ്രകാരം നെൽകൃഷിക്ക് കൂലി ചെലവിന് സബ്സിഡി അനുവദനീയമാണ്. എന്നാൽ പ്രൊജക്ട് നടപ്പാക്കിയപ്പോൾ താഴെ വിവരിക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. കർഷകർ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫീൽഡ്തല

പരിശോധന നടത്തി അന്വേഷണ റിപ്പോർട്ട് ഇല്ലാതെയാണ് മുഴവൻ പേർക്കും ആനുകൂല്യം നൽകിയത്. പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനായി അപേക്ഷിച്ചവരുടെ അർഹതാ മാനദണ്ഡങ്ങൾ പരിശോധനക്ക് വിധേയമാക്കപ്പെട്ടിട്ടില്ല. അതു പോലെ ഈ പ്രൊജക്ട് നടപ്പിലാക്കുമ്പോൾ 50% വിഹിതം ജില്ലാ പഞ്ചായത്ത് നൽകേണ്ടതുണ്ട്. എന്നാൽ 100% വും ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തി പ്രൊജക്ട് നടപ്പിലാക്കി. ബിൽ നം.2/12.03.2017 പ്രകാരം പിൻവലിച്ച 59,760/- രൂപ ഗുണഭോക്താക്കളായ 121 പേർക്ക് വിതരണം ചെയ്യാതെ മൂന്ന് മാസം കഴിഞ്ഞിട്ടും നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള ട്രഷറി ടി.എസ്.ബി. അക്കൌണ്ടിൽ (നം.30) 15.03.2017 സൂക്ഷിച്ചിരിക്കുകയാണ്. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 തീയ്യതി 25.07.2017) 26.07.2017 തീയ്യതിയിൽ മറുപടി സമർപ്പിക്കുകയുണ്ടായി. ഓഫീസിലെ ജോലിത്തിരക്കിനിടയിൽ അന്വേഷണ റിപ്പോർട്ട് എഴുതാൻ വിട്ടു പോയതാണെന്നും കൃഷിയിടങ്ങളിൽ പരിശോധന നടത്തിയാണ് അനുകൂല്യം നൽകിയതെന്നും അറിയിച്ചു. പിൻവലിച്ച 59,760/- രൂപ വിതരണം ചെയ്യാത്തത് ഗുണഭോക്താക്കൾക്ക് സഹകരണ ബാങ്കിലും ദേശസാൽകൃത ബാങ്കിലും അക്കൌണ്ട് ഉള്ളതിനാലാണെന്നും, പ്രൊജക്ടിൽ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്താൻ വിട്ടു പോയത് കൃഷി ഓഫീസറുടെ പരിചയക്കുറവ് കൊണ്ടാണെന്നും മറുപടി നൽകി.

പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ വന്ന ഇത്തരം അപാകതകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച മൂലമാണ്. സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായും പാലിക്കേണ്ടത് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമാണ്. മേലിൽ പദ്ധതി നിർവ്വഹണത്തിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നെൽകൃഷി കൂലിചെലവിന് സബ്സിഡി നൽകാൻ പിൻവലിച്ച 59,760/- രൂപ എത്രയും വേഗം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പിൻവലിച്ച തുക വിതരണം ചെയ്യാത്തതിനാൽ 59,760/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 സബ്സിഡി - ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നൽകിയില്ല

ജി.ഒ.(എം.എസ്)4/16/തസ്വഭവ. തീയതി 11.01.2016 പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 15(2.7) പ്രകാരം വ്യക്തിഗതാനുകൂല്യങ്ങൾ നൽകുമ്പോൾ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ടിലേക്കാണ് നൽകേണ്ടത്. എന്നാൽ 2016-17വർഷം തെങ്ങ് കൃഷി വികസനം എന്ന പ്രൊജക്ടിന്റെ (നം.67/17) ഭാഗമായി തെങ്ങിന് രാസവളവും ജൈവവളവും നൽകിയപ്പോൾ സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് നൽകാതെ വളം വിതരണം ചെയ്ത ബാങ്കുകൾക്കാണ് നൽകിയത്. ആകെ 10,46,923/- രൂപയുടെ സബ്സിഡിയാണ് നാല് ബാങ്കുകൾക്കായി നൽകിയത്. (ബിൽ നം. 1/17 തീയ്യതി 22.02.2017). ഇത് സംബന്ധിച്ച് 25.07.2017 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) സമർപ്പിച്ച മറുപടിയിൽ ജി.ഒ.(സാധാ)നം.3018/16/തസ്വഭവ ഉത്തരവ് പ്രകാരമാണ് സബ്സിഡി തുക ബാങ്കിന് നൽകിയതെന്ന് അറിയിച്ചു. എന്നാൽ ഈ ഉത്തരവിൽ ജൈവവള സബ്സിഡി ഗുണഭോക്താക്കളുടെ അക്കൌണ്ട് വഴി നൽകണമെന്ന നേരത്തെയുള്ള വ്യവസ്ഥ

ഒഴിവാക്കിയെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. രാസവള സബ്സിഡി ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് നൽകണമെന്ന വ്യവസ്ഥയ്ക്ക് മാറ്റം വരുത്തിയിട്ടില്ല. പൊട്ടാഷ് രാസവളത്തിന്റെ സബ്സിഡി ബാങ്ക് അക്കൌണ്ട് മുഖേന നൽകേണ്ടതായിരുന്നു. വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം കോഴി വിതരണം (70/17) എന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. മൂന്ന് സർക്കാർ അംഗീകൃത ഫാമിൽ നിന്നും കോഴികളെ വാങ്ങി വിതരണം ചെയ്യുകയാണുണ്ടായത്. 3,53,850/- രൂപ വികസന ഫണ്ടും, 14,025/- രൂപ തനത് ഫണ്ടും, 1,22,625/- രൂപ ഗുണഭോക്തൃ വിഹിതവുമാണ് പ്രൊജക്ടിന് തുക വകയിരുത്തിയത്. 1029 ഗുണഭോക്താക്കളിൽ നിന്നും 125/- രൂപ നിരക്കിൽ ആകെ 1,28,625/- രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു. ഗുണഭോക്തൃ വിഹിതം ഒടുക്കിയ 11 പേർക്ക് കോഴികളെ വാങ്ങി നൽകിയില്ല. തുക ഒടുക്കിയ ശേഷം കോഴികളെ വേണ്ടെന്ന് ഗുണഭോക്താക്കൾ അറിയിച്ചതു കൊണ്ടാണ് കോഴികളെ വാങ്ങി നൽകാതിരുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ അറിയിക്കുകയുണ്ടായി. പദ്ധതി സ്പിൽ ഓവറായി തുടരാത്ത പക്ഷം ഗുണഭോക്താക്കൾ ഒടുക്കിയ തുക രേഖാമൂലം തിരികെ നൽകുവാൻ ആവശ്യപ്പെടുകയാണെങ്കിൽ തുക 11x125=1,375/- രൂപ അവർക്ക് തിരികെ നൽകേണ്ടതാണ്.

## 3-5 തെരുവു വിളക്കുകളുടെ എ.എം.സി.ക്ക് തുക അഡ്വാൻസ് നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധം

പ്രോജക്ടിന്റെ പേര് : 47/17 തെരുവുവിളക്ക് റിപ്പയർ

അടങ്കൽ : 1,00,000/- (വികസന ഫണ്ട്)

.. : 1,00,000/- (തനത് ഫണ്ട്)

------------

ആകെ : 2,00,000/-

ചെലവ് : 1,00,000/- (വികസന ഫണ്ട്)

വൗച്ചർ നമ്പർ : 21601035/31.03.2017

കരാറുകാരന്റെ പേര് : ശ്രീ. സന്തോഷ്

തെരുവു വിളക്കുകളുടെ എ.എം.സി. നടപ്പാക്കുന്നതിന്റെ ഭാഗമായി മേൽ വിവരിച്ച പ്രകാരം കരാറുകാരന് 1,00,000/- രൂപ വികസന ഫണ്ടിൽ നിന്ന് അഡ്വാൻസ് നൽകിയിട്ടുണ്ട്. 06.02.2017-ലെ കരാർ പ്രകാരം, എഞ്ചിനീയർ മുഖേന തയ്യാറാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ കരാർ തുക നാലു ഗഡുക്കളായാണ് കരാറുകാരന് നൽകേണ്ടത്. മാത്രമല്ല, ഇത്തരം പ്രൊജക്ടുകൾക്ക് വികസന ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകാൻ

പാടില്ലാത്തതുമാണ്. (ജി.ഒ.(പി)177/2006/ധന. തീയതി 12.04.2006 കാണുക). മേൽ നടപടി ക്രമങ്ങൾ പാലിക്കാതെയാണ് തുക മുൻകൂർ നൽകിയത്. വീഴ്ച ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി (രണ്ടാം ഘട്ടം) ലക്ഷ്യം കൈവരിച്ചില്ല

വേങ്ങാട് ഗ്രാമപഞ്ചായത്തിൽ 2004-ൽ ആരംഭിച്ച ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം 2013-16-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 30 ഗുണഭോക്താക്കളാണ് രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം എന്നീ സേവനങ്ങൾക്കു പുറമേ വീടുകൾ - 7, വീട് റിപ്പയർ - 12, കക്കൂസ് - 4, ശുചിത്വ കിണർ - 4, കുടിവെള്ളം - 8, വാട്ടർ കണക്ഷൻ - 4 എന്നീ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതിനായി ആകെ 27,55,440/- രൂപ വകയിരുത്തുകയും ചെയ്തു.

എന്നാൽ ആശ്രയ സ്കീമുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനായി താഴെ പറയുന്ന പ്രൊജക്ടുകൾക്ക് 2015-16, 2016-17 എന്നീ രണ്ടു സാമ്പത്തിക വർഷങ്ങളിലും അംഗീകാരം ലഭ്യമാക്കിയെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഫണ്ടിനം |
|---|---|---|---|
| 1 | 16/17 ആശ്രയ-അഗതി ഭവനനിർമ്മാണം | 5,00,000 | വികസന ഫണ്ട്, തനത് ഫണ്ട് |
| 2 | 21/17 ആശ്രയ അഗതി കുടിവെള്ളക്കിണർ നിർമ്മാണം | 1,48,750 | വികസന ഫണ്ട്, തനതു ഫണ്ട്, ഗുണഭോക്തൃ വിഹിതം |
| 3 | 22/17 ആശ്രയ-അഗതി സാനിറ്ററി ലാട്രിൻ നിർമ്മാണം | 46,200 | സംസ്ഥാന വിഹിതം, തനത് ഫണ്ട് |
| 4 | 23/17 ആശ്രയ-അഗതി ശുചിത്വ കിണർ നിർമ്മാണം | 10,000 | തനത് ഫണ്ട് |
| 5 | 24/17 ആശ്രയ-അഗതി ഭവന പുനരുദ്ധാരണം | 1,25,000 | വികസന ഫണ്ട്, തനത് ഫണ്ട് |
| | ആകെ | 8,29,950 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥയായ എൽ.വി.ഇ.ഒ. ലഭ്യമാക്കിയ മറുപടിയിൽ പദ്ധതികൾ നടപ്പാക്കാൻ സാധിക്കാത്തതിന് ചില പ്രായോഗിക വിഷമങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആശ്രയ പദ്ധതി സമയബന്ധിതമായി

പൂർത്തിയാക്കുന്നതിലും അർഹരായ പാവങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 കുന്നിരിക്ക കുളം ജലസേചനം - തുടർനടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്

മേൽ പ്രൊജക്ട് നടപ്പിലാക്കുന്നതിന് 2016-17 വർഷം 2,06,888/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കുന്നതിന് 2013-14 വർഷം എഗ്രിമെന്റ് വെക്കുകയും 2014-15 വർഷം പ്രവൃത്തി ഭാഗികമായി പൂർത്തീകരിക്കുകയും കരാറുകാരന് പാർട്ട് ബിൽ പ്രകാരം 3,66,904/- രൂപ നൽകുകയും ചെയ്തു. പമ്പ് ഹൌസ് നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉള്ളത്. മേൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് 2012-13 വർഷം 6,00,000/- രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ മോട്ടോർ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ എന്നിവ ഇതുവരെയായി നടത്താത്തതിനാൽ പ്രവൃത്തി പാതിവഴിയിലായി. 2015-16, 2016-17 വർഷങ്ങളിൽ പ്രൊജക്ട് നടപ്പാക്കുന്നതിന് തുക വകയിരുത്തിയെങ്കിലും പ്രവൃത്തി പൂർണ്ണമായും നടപ്പിലായില്ല. ആകെ 43,6,791/- രൂപ ചെലവഴിച്ച പ്രൊജക്ട് തുടർന്ന് നടപ്പാക്കുന്നതിൽ വന്ന വീഴ്ച സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ നിലവിൽ പമ്പ് ഹൌസിന് ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെന്നും ട്രയൽ റൺ നടത്താത്തതിനാൽ തുക നൽകിയിട്ടില്ലെന്നും അറിയിക്കുകയുണ്ടായി. പ്രൊജക്ട് പൂർത്തീകരിച്ച് ജലസേചനം പ്രവർത്തനം ആരംഭിക്കുന്നതിന് എത്രയും വേഗം നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-8 ഇ ടെണ്ടർ - ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ഇ -ടെണ്ടർ മുഖേന നിർവ്വഹിക്കപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ ലഭിക്കേണ്ട തുകകളൊന്നും ഗ്രാമപഞ്ചായത്തിന് ഇതുവരെയായി ലഭിച്ചിട്ടില്ല. അസി.എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഈയിനത്തിൽ 2015-16, 2016-17 കാലയളവുകളിൽ ലഭിക്കേണ്ടുന്ന തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ഇ-ടെണ്ടർപ്രകാരം നിർവ്വഹിച്ച പ്രൊജക്ടുകൾ | ലഭിക്കേണ്ടുന്ന ടെണ്ടർ ഫീ |
|---|---|---|
| 2015-16 | 12 | 40,980 |
| 2016-17 | 15 | 64,940 |
| ആകെ | 27 | 1,05,920 |

കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് പ്രസ്തുത തുക നിക്ഷേപിച്ചിട്ടുള്ളത്. ഇത് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതാണെങ്കിലും ഇവയുടെ വിതരണം

സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഉണ്ടായിട്ടില്ല. ആയതിനാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 സ്നേഹസാന്ത്വനം - പെയിൻ & പാലിയേറ്റീവ് പരിചരണം പദ്ധതി- വാഹന വാടക നിരക്ക് സർക്കാർ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പിഎച്ച് സി)

പ്രോജക്ടിന്റെ പേര് : സ്നേഹസാന്ത്വനം - പെയിൻ & പാലിയേറ്റീവ് പരിചരണം

പ്രോജക്ട് നം : 121/16-17

വകയിരുത്തിയത് : 8,00,000/- വികസന ഫണ്ട് (പൊതുവിഭാഗം)

ചെലവ് : 7,95,817/-

വാഹന വാടക നിരക്ക് സർക്കാർ നിർദ്ദേശം പാലിച്ചില്ല.

വേങ്ങാട് ഗ്രാമപഞ്ചായത്തിലെ പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി വാഹനം ഓടിയ വകയിൽ ശ്രീ.ഷിജു.കെ എന്നയാൾക്ക് 2016-17 കാലയളവിൽ പ്രതിദിനം 1,700/- രൂപ നിരക്കിൽ 155 ദിവസത്തേക്ക് 2,63,500/- രൂപ വാടകയിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ജി.ഒ.(ആർ.ടി)3217/2015/തസ്വഭവ തീയതി 29.10.15 പ്രകാരം ഈ ഇനത്തിൽ നൽകാവുന്ന പരമാവധി തുക 1,100/- രൂപയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2017-18 വർഷം മുതൽ സർക്കാർ നിരക്കിൽ വാഹന വാടക നൽകുന്നതിന് പഞ്ചായത്തിനോട് അപേക്ഷിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. വാഹന വാടക നൽകുമ്പോൾ സർക്കാർ നിർദ്ദേശിച്ച നിരക്കിൽ മാത്രം പരിമിതപ്പെടുത്തി നൽകേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. അധികം ചെലവഴിച്ച 93,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

2016-17 വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം.&പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വൌച്ചർനം./ബിൽ നം.& തീയ്യതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 166/17 സമ്പൂർണ്ണ വൈദ്യുതീകരണം തുക കൈമാറൽ | സെക്രട്ടറി, വേങ്ങാട് ഗ്രാമപഞ്ചായത്ത് | 21600958/ 21.03.2017 | 2,75,000 | കെ.എസ്.ഇ.ബി. വേങ്ങാട്സെക്ഷൻ |

| | | | | | |
|---|---|---|---|---|---|
| 2 | 149/17<br>അങ്കണവാടികൾക്ക് കുടി വെള്ള കണക്ഷൻ | സെക്രട്ടറി,<br>വേങ്ങാട് ഗ്രാമപഞ്ചായത്ത് | 21601047/<br>31.03.2017<br>21601048/<br>31.03.2017 | 3,47,562<br>2,438 | കേരള വാട്ടർ അതോറിറ്റി, കണ്ണൂർ (കൈപ്പറ്റ് രസീത് ഇല്ല) |
| 3 | 167/17<br>ഐ.കെ.എം. വിഹിതം നൽകൽ | സെക്രട്ടറി,<br>വേങ്ങാട് ഗ്രാമപഞ്ചായത്ത് | 21600999/<br>30.03.2017 | 92,073 | ഐ.കെ.എം.<br>തിരുവനന്തപുരം |
| 4 | 162/17<br>ഐ.എ.വൈ. വിഹിതം | അസിസ്റ്റന്റ് സെക്രട്ടറി, വേങ്ങാട് ഗ്രാമപഞ്ചായത്ത് | 2/16-17/<br>22.02.2017 | 1,00,000 | സെക്രട്ടറി, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| 5 | 165/17<br>പി.എം.എ.വൈ. വിഹിതം | എൽ.വി.ഇ.ഒ,<br>പാതിരിയാട് | 3/16-17/<br>14.02.2017 | 60,000 | സെക്രട്ടറി, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |

## 3-11 തെരുവു വിളക്ക് വൈദ്യുതി ചാർജ്ജ് സംബന്ധിച്ച്

വേങ്ങാട് ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്ന (18.04.2017 പ്രാബല്യത്തിൽ പുതുക്കിയ നിരക്കനുസരിച്ച്) തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വിളക്ക് ഇനം | വാട്സ് | എണ്ണം | നിരക്ക് (രൂപ) | തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് | 40 | 257 | 66 | 16,962 |
| 2 | ഓർഡിനറി ബൾബ് | 60 | 7 | 102 | 714 |
| 3 | സോഡിയം വേപ്പർ ലാമ്പ് | 70 | 10 | 125 | 1,250 |
| 4 | സോഡിയം വേപ്പർ ലാമ്പ് | 150 | 7 | 267 | 1,869 |
| 5 | സോഡിയം വേപ്പർ ലാമ്പ് | 250 | 4 | 447 | 1,788 |
| 6 | ഫ്ലൂറസെന്റ് ട്യൂബ് | 2x40 | 22 | 134 | 2,948 |

| | | | | | |
|---|---|---|---|---|---|
| 7 | ഫ്ലൂറസെന്റ് ട്യൂബ് | 40 | 347 | 66 | 22,902 |
| 8 | സി.എഫ്.എൽ | 2x11 | 174 | 32 | 5,568 |
| | ആകെ | | 828 | | 54,001 |

പ്രതിമാസം 54,001/- രൂപയാണ് നിലവിൽ വൈദ്യതി ചാർജ്ജ് ഒടുക്കിവരുന്നത്. എന്നാൽ ഈ വിളക്കുകൾ മുഴുവൻ പ്രവർത്തനക്ഷമമാണോ എന്ന കാര്യം ഉറപ്പു വരുത്തിയിട്ടില്ല. തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിനും പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനും കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-12 ജീവനക്കാർ എസ്.എൽ.ഐ. പോളിസി എടുക്കാത്തതും പുതുക്കാത്തതും സംബന്ധിച്ച്

50 വയസ്സ് കവിയാത്ത സർക്കാർ ജീവനക്കാർ സർവീസിൽ പ്രവേശിച്ച് ഒരു മാസത്തിനകം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിലും ഒരു മാസത്തിനകം ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിലും അംഗത്വം നേടേണ്ടതും ശമ്പള നിരക്കിനനുസരിച്ച് പുതുക്കേണ്ടതുമാണ് (റൂൾ 22എ, റൂൾ 31, കെ.എസ്.ആർ. പാർട്ട് I, ജി.ഒ.(പി)നം.149/16/ഫിൻ/04.10.2016, ജി.ഒ.(പി)നം.112/16 /ഫിൻ/01.08.2016 എന്നിവ കാണുക). എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാരുടെ കാര്യത്തിൽ ഈ നിബന്ധനകൾ പാലിച്ചിട്ടില്ല.

| ക്രമ നം. | പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ശമ്പള സ്കെയിൽ | എസ്.എൽ.ഐ. | |
|---|---|---|---|---|---|
| | | | | ഈടാക്കേണ്ടത് | ഈടാക്കുന്നത് |
| 1 | രാമകൃഷ്ണൻ.എൻ.കെ, അസി.സെക്രട്ടറി | 41,500 | 30700-65400 | 500 | 300 |
| 2 | പാത്തുമ്മ എ. ഹെഡ് ക്ലർക്ക് | 34,800 | 27800-59400 | 300 | 150 |
| 3 | പ്രശാന്ത്, അക്കൗണ്ടന്റ് | 33,100 | 25200-54000 | 300 | 150 |
| 4 | നിഷാന്ത് എം.കെ. സീനിയർ ക്ലർക്ക് | 30,700 | 25200-54000 | 300 | 150 |
| 5 | നിസി എം. സീനിയർ ക്ലർക്ക് | 28,500 | 25200-54000 | 300 | 0 |

| | | | | | |
|---|---|---|---|---|---|
| 6 | ഉമേശൻ കല്ലൻ, ക്ലർക്ക് | 22,800 | 19000-43600 | 300 | 100 |
| 7 | സുസ്മിത കെ, ഓഫീസ് അറ്റന്റന്റ് | 16,500 | 16500-35700 | 200 | 0 |

ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 മുൻകൂർ നൽകി - മരുന്ന് ലഭ്യമായിട്ടില്ല

1) പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 3,52,065/- രൂപ മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും 2,15,035/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായി കാണുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|
| 930 | 08.06.2017 | 9,331 |
| 1015 | 14.06.2017 | 4,466 |
| 1017 | 14.06.2017 | 3,284 |
| 1020 | 14.06.2017 | 27,585 |
| 1021 | 14.06.2017 | 13,848 |
| 1023 | 14.06.2017 | 23,078 |
| 1024 | 14.0.2017 | 72,828 |
| 1331 | 28.06.2017 | 32,756 |
| 1744 | 13.07.2017 | 27,859 |
| ആകെ | | 2,15,035 |

മരുന്ന് മുഴുവനായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പ്രോജക്ടിന്റെ പേര് : 46/17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

ചെലവു തുക : 1,00,000/- (സംരക്ഷണഗ്രാന്റ് - റോഡിതരം)

വൗച്ചർ നം. : 21600950/20.03.2017

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി മേൽ വിവരിച്ച പ്രകാരം 1,00,000/- രൂപ 'ഹോംകോ'യ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി (28.07.2017) മരുന്നുകൾ ലഭിച്ചിട്ടില്ല. കൂടാതെ തുക കൈപ്പറ്റിയതിന് 'ഹോംകോ'യിൽ നിന്നും രസീതും ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്. മുൻവർഷങ്ങളിൽ ലഭിച്ച് ഇതു വരെയായി ചെലവഴിക്കാൻ ബാക്കിയായ ഫണ്ടുകൾ (അക്കൌണ്ടിലെ ബി4 ഷെഡ്യൂൾ പ്രകാരം കാണിച്ചിട്ടുള്ളത്). സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | 21601047 | 3,50,000 | 0 | 3,50,000 |
| KSEB | സമ്പൂർണ്ണ | 21600958 | 2,73,000 | 0 | 2,73,000 |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുതീകരണം | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇ.എം.എസ്. ഭവന പദ്ധതിക്കായി 1,38,22,500/- രൂപയുടെ വായ്പയ്ക്ക് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനവായ്പ | 274/2010 27.01.2010 | 1,38,22,500 | 43,76,072 | ഇല്ല | 13,28,250 | ഇല്ല | 30,47,822 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 94,49,858 |
| തൻവർഷം നിക്ഷേപിച്ച തുക | 8,74,651 |
| ആകെ | 1,03,24,509 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,03,24,509 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെൻറ് കോ-ഓപ്പ് ലിമിറ്റഡ് | 20,000 |
| വേങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് | 38,84,067 |

| | |
|---|---|
| കുന്നിരിക്ക സർവ്വീസ് സഹകരണ ബാങ്ക് | 64,20,442 |
| ആകെ | 1,03,24,509 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12,272/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-1 | 12,272 | ലജിത.വിഎ, അസി.എഞ്ചിനീയർ | 109890 dt18.03.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 5,38,20,866 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 4,90,89,822 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,52,760 |

*റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 59,760 | ശ്രീമതി.സെലസ്.കെ ജോസഫ്, കൃഷി ഓഫീസർ |
| 3-9 | 93,000 | ഡോ.ആനന്ദവല്ലി, മെഡിക്കൽ ഓഫീസർ (PHC) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം:

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ:

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83 | എൽ.എഫ്.സി6/1271/87 തീയതി 19.02.1991 | |
| 1984-85 | എൽ.എഫ്.സി6/1610/90 തീയതി 08.06.1990 | |
| 1985-86 | എൽ.എഫ്.സി6/1758/90 തീയതി 26.02.1991 | |
| 1998-99 | എൽ.എഫ്.സി6/24/01 തീയതി 06.09.2001 | 2 |
| 1999-00 | എൽ.എഫ്.സി6/961/02 തീയതി 18.10.2003 | 6 |
| 2000-01 | എൽ.എഫ്.സി6/1977/03 തീയതി 19.05.2004 | 4 |
| 2001-02 | എൽ.എഫ്.സി6/1978/03 തീയതി 19.05.2004 | 2 |
| 2003-04 | എൽ.എഫ്.സി3/2302/07 തീയതി 21.08.2008 | 20 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/സി3/2340/2007<br>തീയതി 21.08.2008 | 23 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/സി3/243/2009<br>തീയതി 15.01.2010 | 11 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/സി3/244/2009<br>തീയതി 15.01.2010 | 10 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി9/625/2011<br>തീയതി 16.05.2012 | 9 |
| 2008-09,<br>2009-10,<br>2010-11, | എൽ.എഫ്/കെ.എൻ.ആർ/സി8/1379/2012<br>തീയതി 21.12.2012 | 31 |
| 2011-12,<br>2012-13 | എൽ.എഫ്/കെ.എൻ.ആർ/സി8/1339/2014<br>തീയതി 27.03.2015 | 24 |
| 2013-14,<br>2014-15 | എൽ.എഫ്/കെ.എൻ.ആർ/സി/8/1227/2016<br>തീയതി 11.07.2016 | 28 |
| 2015-16, | എൽ.എഫ്/കെ.എൻ.ആർ/സി9/2241/2016<br>തീയതി 01.02.2017. | 7 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

PVP

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1514/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഫോൺ: 0497-2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി:04.10.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# AUDIT CERTIFICATE

No. KSA/KNR/C7/1514/2017.

Kerala State Audit Department,

District Audit Office, Kannur,

Phone: 0497-2707698

E-Mail: doknr.ksad@kerala.gov.in

Date: 04.10.2017.

Certified that I have audited the Annual Financial Statement of Vengad Grama Panchayat in Kannur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vengad Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office, Kannur.

## അനുബന്ധം-2

# Income & Expenditure Statement

Vengad Grama Panchayath

Income & Expenditure Statement

For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 7138421 |
| 130000000 | Rental Income from panchayath properties | 1-3 | 657594 |
| 140000000 | Fee &User charges | I-4(b) | 1137642 |
| 150000000 | Sale &Hire Charges | I-5(b) | 247271 |
| 160000000 | Revenue Grants, Funds, Contributions&Compensations | I-6 | 98923545 |
| 170000000 | Income from Investments | I-7 | 874651 |
| 171000000 | Interest Earned | I-8 | 448682 |
| A | Total Income | | 109440218 |
| Expenditure | | | |
| 210000000 | Establishment Expenses | I-10(b) | 8488050 |
| 220000000 | Administrative Expenses | I-11(b) | 892512 |
| 230000000 | Operations & Maintanance | I-12(b) | 885839 |
| 240000000 | Interest & Finance Charges | I-13 | 6 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 9335545 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 19028211 |

| | | | |
|---|---|---|---|
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 359666 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 922576 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes (not included under Decentralised PlanProgramme) | I-14(d) | 58400460 |
| 255000000 | Maintenance Projects | I-14(e) | 8104573 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 50861 |
| 272000000 | Depreciation | 1-17(a) | 9412359 |
| B | Total - Expenditure | | 115880658 |
| C=A-B | Gross Surplus/Deficit of Income over Expenditure | | -6440440 |
| D=280000000 | Prior period Item | I-18 | -2588977 |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items Transfer to reserve funds | | -3851463 |
| | Net balance being surplus/ Deficit carried over to balance sheet (Panchayat Fund) | | |

## അനുബന്ധം-3

# Receipt & Payment Statement

Vengad Grama Panchayat

Receipt And Payment Statement For the period from

01-April 2016 to 31 March 2017

| Code | Head Account | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 22730799.48 |
| | Cash | RP-40(a) | 192987 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 1945301 |
| 130000000 | Rental Income from Panchayath Properties | RP-3 | 7500 |
| 140000000 | Fees & User Charges | RP- 4 | 879412 |
| 150000000 | Sale & Hire Charges | RP- 5 | 242786 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP- 7 | 13408056 |
| 171000000 | Interest Earned | RP- 9 | 448682 |
| 320000000 | Grants, Funds & Contributions for specific purposes | RP- 31 | 29579951 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 142290 |
| 431000000 | Sundry Debtors (Recievables) | RP-43 | 153191 |
| Non Operating | | | |
| 180000000 | Othere Income | RP-10 | 12412 |
| 311000000 | Earmarked Funds | RP-29 | 758 |
| 340000000 | Deposits Received | RP- 34 | 462660 |
| 350000000 | Other Liabilities | RP- 36 | 254576 |
| 431000000 | Sundry Debtors (Receivables) | RP- 43 | 5530876 |
| 460000000 | Loans, Advances and Deposits | RP- 47 | 752415 |
| Grand Total | | | 76744652.48 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2941710 |
| 220000000 | Administrative Expenses | RP-12 | 892512 |
| 230000000 | Operatations & Maintanance | RP-13 | 881249 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 3419163 |
| 251000000 | Decentralised plan programme – Service Sector | RP-16 | 13481488 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 359666 |

| | | | |
|---|---|---|---|
| 253000000 | Decentralised plan programme – projects not included in service sector | RP-18 | 922576 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 1400160 |
| 255000000 | Maintanance Projects | RP-20 | 8104573 |
| 256000000 | Other Revenue Grants & Funds-Revenue Expenses | RP-21 | 50861 |
| 280000000 | Prior Period Item | RP-26 | -1163 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 167767 |
| 350000000 | Other Liabilities | RP-36 | 43577087 |
| NonOperating | | | |
| 240000000 | Interest & Finance Charges | RP-14 | 6 |
| 280000000 | Priorperiod Item | RP-26 | -2500 |
| 330000000 | Secured Loans | RP-32 | 1328250 |
| 340000000 | Deposits Received | RP-34 | 130750 |
| 350000000 | Other Liabilities | RP-36 | 1648553 |
| 410000000 | Fixed Assets | RP-38 | 1996781 |
| 412000000 | Capital Work In Progress | RP-40 | 6223745 |
| 460000000 | Loans,Advances and Deposits | RP-47 | 785967 |
| | Closing Balance | | |

| | | | |
|---|---|---|---|
| | Bank | RP-40(b) | 27531802.48 |
| | Cash | RP-40(b) | 123028 |
| Grand Total | | | 76744652.48 |

## അനുബന്ധം-4

# Balance Sheet

Vengad Grama Panchayat

Balance Sheet As on 31 March 2017

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 29526341 |
| 311000000 | Earmarked Funds | B-2 | 38661 |
| 312000000 | Reserves | B-3 | 34534123 |
| | Total Reserve & Surplus | | 64099125 |
| | Grants, Contributions for specific purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 2534175.48 |
| | Total Grants, Funds & Contributions for Specific Purposes | | 2534175.48 |
| | Loans | | |
| 330000000 | Secured Loans | B5 | 3047822 |
| | Total Loans | | 3047822 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 814821.51 |
| 350000000 | Other Liabilities | B-9 | 1661369.27 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 2476190.48 |
| | TOTAL LIABILIITIES | | 72157313.26 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 48677609 |
| 411000000 | Accumulated Depreciation | B-11 | -22648653 |
| 412000000 | Capital Work In Progress | B-11(a) | 400000 |
| | Total Fixed Assets | | 26428956 |
| 420000000 | Investment | B-12 | 10324509 |
| | Total Investment | | 10324509 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 4700995.78 |
| 440000000 | Pre paid Expenses | B16 | 3047822 |
| 450000000 | Cash and Bank balance | B-17 | 27654830.48 |
| 460000000 | Loans, Advances and Deposits | B-18 | 200 |
| | Total Current Assets, Loans and Advances | | 35403848.26 |
| | Total Assets | | 72157313.26 |

Deputy Director